പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3770 25.06.2013 ലെ മറുപടിയ്ക്ക്

ചാലക്കുടിയിൽ കാരുണ്യാ ഡയാലിസിസ് സെന്റർ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ചാലക്കുടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ കാരുണ്യ ഡയാലിസിസ് സെന്റർ അനുവദിയ്ക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി അടിയന്തിര നടപടി സ്വീകരിക്കുമോ; | (എ) സംസ്ഥാന ആരോഗ്യ വകുപ്പിന്റെ ആവശ്യപ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും അനുവദിച്ച 27 ഡയാലിസിസ് സെന്ററിൽ ചാലക്കുടി ഗവ: താലൂക്ക് ആശുപത്രി ഉൾപ്പെടുന്നില്ല. പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിനുള്ള കെട്ടിടം, ആവശ്യമായ ഡോക്ടർ, മറ്റു ജീവനക്കാർ എന്നിവ ലഭ്യമാണെങ്കിൽ ധനസഹായത്തിനായി ജില്ലാ മെഡിക്കൽ ഓഫീസർ വഴി കാരുണ്യ ബെനവലന്റ് ഫണ്ട് അഡ്മിനിസ്ട്രേറ്റർക്ക് അപേക്ഷ സമർപ്പിക്കാവുന്നതും സംസ്ഥാനതല കമ്മിറ്റിയുടെ തീരുമാനപ്രകാരം സെന്റർ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ് . |
| (ബി) ഏത് ഏജൻസി മുഖേനയാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നത് എന്ന് വ്യക്തമാക്കുമോ? | (ബി) ആ രോഗ്യ വകുപ്പ്, കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്നിവയുമായി സഹകരിച്ചാണ് കാരുണ്യ ഡയാലിസിസ് സെന്ററുകൾ സ്ഥാപിക്കുന്നത്. |

സെക്ഷൻ ഓഫീസർ.